# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1305. 30..9..2011-ൽ മറുപടിക്ക്

### പാൽ വില വർദ്ധനയുടെ ഭാഗമായി ക്ഷീരകർഷകന് നൽകുന്ന തുക

ചോദ്യം

**ശ്രീ. എ. കെ. ബാലൻ**
**ശ്രീ. കെ. കെ. ജയചന്ദ്രൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. പുരുഷൻ കടലുണ്ടി**

ഉത്തരം

**ശ്രീ. കെ.സി. ജോസഫ്,**
**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിക്കാനുള്ള മിൽമയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ വർദ്ധനയാണോ;

(എ) ഉണ്ട്. ഏറ്റവും വലിയ വർദ്ധനവാണ്.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെ തുടർന്ന് പൊറുതി മുട്ടുന്ന സാധാരണക്കാരെ ഇത് കൂടുതൽ ബുദ്ധിമുട്ടിലേയ്ക്ക് നയിക്കും എന്ന കാര്യം സർക്കാരിനറിയാമോ;

(ബി) ക്ഷീരകർഷകർക്ക് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട് ന്യായമായ വില നൽകിയില്ലെങ്കിൽ ഈ രംഗത്തു നിന്നും പിൻമാറാൻ കൃഷിക്കാർ നിർബന്ധിതരാകുമെന്ന മുന്നറിയിപ്പ് അവഗണിക്കാൻ കഴിയില്ല.

(സി) മിൽമ ഇപ്പോൾ ഉപഭോക്താവിൽ നിന്ന് ഈടാക്കുന്ന ഒരു ലിറ്റർ പാലിന്റെ വിലയിൽ നിന്ന് മിൽമ, ക്ഷീരകർഷകൻ തുടങ്ങി ഓരോ രംഗത്തും ചിലവാകുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മിൽമ ഉപഭോക്താക്കളിൽ നിന്നും വിവിധ തരം പാലിനങ്ങൾക്ക് വ്യത്യസ്ത വിലയാണ് ഈടാക്കുന്നത്. ആയത് താഴെപ്പറയും പ്രകാരമാണ്.

| | വില ലിറ്ററിന് |
|---|---|
| ഡബിൾ ടോൺഡ് മിൽക്ക് (1.5% ഫാറ്റ്, 9% എസ്.എൻ.എഫ്.) | Rs.27.00 |
| ടോൺഡ് മിൽക്ക് (3% ഫാറ്റ്, 8.5% എസ്.എൻ.എഫ്.) | Rs.28.00 |
| ഹോമോജിനൈസ്ഡ് ടോൺഡ് മിൽക്ക് (3% ഫാറ്റ്, 8.5% എസ്.എൻ.എഫ്.) | Rs.30.00 |

| | |
|---|---|
| ജേഴ്സി മിൽക്ക് (3.5% ഫാറ്റ്, 8.5% എസ്.എൻ.എഫ്.) | Rs.30.00 |
| നോൺ ഹോമോ ജീനീസ്ഡ് ജേഴ്സി മിൽക്ക് (3.2% ഫാറ്റ്, 8.5% എസ്.എൻ.എഫ്.) | Rs.30.00 |
| സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക് (4.5% ഫാറ്റ്, 8.5% എസ്.എൻ.എഫ്.) | Rs.31.00 |
| റിച്ച് പ്ലസ് മിൽക്ക് (3.8% ഫാറ്റ്, 9% എസ്.എൻ.എഫ്.) | Rs.31.00 |

മിൽമ സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരം 4.1% കൊഴുപ്പും 8.3% എസ്.എൻ.എഫുമാണ്. ഈ പാലിന് മിൽമ ക്ഷീരസംഘങ്ങൾക്ക് നൽകുന്നത് ലിറ്ററിന് 23.69 രൂപയും, ക്ഷീരസംഘങ്ങൾ കർഷകർക്ക് നൽകുന്നത് 22.68 രൂപയും ആണ്. മിൽമ പാൽ വിൽക്കുന്ന ഏജന്റുമാർക്ക് വിൽപ്പനവിലയുടെ 4% കമ്മിഷനായി നൽകുന്നു. കർഷക ക്ഷേമനിധിയിലേയ്ക്ക് ലിറ്ററിന് 12 പൈസ നൽകുന്നുണ്ട്.

(ഡി) ഇപ്പോഴത്തെ വർദ്ധനയുടെ ഭാഗമായി ക്ഷീരകർഷകന് നൽകുന്ന തുക എത്ര; ഇതു സംബന്ധിച്ച് കോടതിയിൽ മിൽമ നൽകിയ സത്യവാങ്മൂലം എന്തായിരുന്നു ?

(ഡി) ഇപ്പോൾ വർദ്ധിപ്പിച്ച 5 രൂപയിൽ നിന്നും ലിറ്ററിന് 4 രൂപ 20 പൈസ കർഷകന് ലഭ്യമാകും. ഈ കാര്യം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.